**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 70** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമീപകാലത്ത് സംഭവിച്ചതിൽ വച്ച് ഏറ്റവും വലുതും ഭയാനകവുമായ വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും നാശനഷ്ടത്തിന്റെ തോതും കണക്കിലെടുത്ത് ഇതൊരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ ഇതിനോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചൂരൽമലയിൽ ഉണ്ടായ ഉരുൾ പൊട്ടൽ സംസ്ഥാനത്തു മാത്രമല്ല ദേശീയതലത്തിൽ തന്നെ സമീപകാലത്തു സംഭവിച്ചതിൽ ഏറ്റവും ഭയാനകമായ ഉരുൾപൊട്ടൽ ആയാണ് കണക്കാക്കിയിട്ടുള്ളത്. സമാനതകളില്ലാത്ത നാശനഷ്ടങ്ങളും ജീവഹാനിയുമാണ് സംഭവിച്ചത്. ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തം എന്ന പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് മെമ്മോറാണ്ടം കേന്ദ്രസർക്കാരിനു നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ദുരന്ത നിവാരണത്തിനും പുനരധിവാസത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ എത്ര ധനസഹായം ലഭിക്കുകയുണ്ടായി; ഇക്കാര്യത്തിനായി സംസ്ഥാനം ആവശ്യപ്പെട്ട തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ? | (ബി) | പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 1202 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പുനരധിവാസത്തിനായി ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാരിന് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചുവെങ്കിലും ദുരന്തത്തിന്റെ ഭാഗമായി ലഭിക്കേണ്ട പ്രത്യേക ധനസഹായം ഇതുവരെയും ലഭിക്കാത്ത സാഹചര്യത്തിൽ 03/10/2024 ന് ചേർന്ന മന്ത്രിസഭായോഗം പ്രത്യേക ധനസഹായം എത്രയും വേഗം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ